പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*163 11/06/2018-ൽ മറുപടിക്ക്

## മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനുള്ള കർമ്മപരിപാടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.മുരളി പെരുനെല്ലി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്. മാതൃ മരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്തു നില്ക്കുന്നത് കേരളമാണ്. സാമ്പിൾ രജിസ്റ്റർ സിസ്റ്റം അനുസരിച്ച (SRS) ഏറ്റവും പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിലെ മാതൃ മരണ നിരക്ക് 46 ആയി കുറഞ്ഞുവെന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗർഭിണികൾക്ക് കൃത്യമായ പൂർവ്വകാല പരിശോധന ഒ.പികളിൽ നടത്തുകയും ഗർഭിണികളിലെ പ്രമേഹം, രക്തസമ്മർദ്ദം, വിളർച്ച അണുബാധ എന്നിവയ്ക്ക് കൃത്യമായ ചികിത്സ നല്കുകയും ചെയ്യുന്നു.<br>2. ലേബർ റൂമിൽ ഗർഭിണിയുടെയും ഗർഭസ്ഥ ശിശു വിന്റെയും ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ നിരീക്ഷണവും NST മുതലായ ടെസ്റ്റുകളും നടത്തുന്നു.<br>3. പ്രസവ സമയത്തുണ്ടായേക്കാവുന്ന ഏത് അത്യാഹിത അവസ്ഥയേയും നേരിടാനുള്ള എല്ലാവിധ സജ്ജീകരണങ്ങളും ലേബർറൂമിലും എമർജൻസി ഓപ്പറേഷൻ തീയേറ്ററിലും ലഭ്യമാക്കിയിട്ടുണ്ട്.<br>4. പ്രസവാനന്തരം അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസ്ഥിതി നിരന്തരമായി നിരീക്ഷിക്കുകയും അപകട ലക്ഷണങ്ങൾ കണ്ടാൽ അടിയന്തിരമായി വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.ലേബർറൂമിൽ നാലുമണിക്കൂറത്തെ നിരീക്ഷണത്തിന് ശേഷമാണ് ഒരോ അമ്മയെയും കുഞ്ഞിനെയും പ്രസവാനന്തര വാർഡിലേയ്ക്ക് മാറ്റുന്നത്.<br>5. ജനനശേഷം ഒട്ടും വൈകാതെ തന്നെ കുഞ്ഞിന് മുലപ്പാൽ നല്കാൻ ശ്രദ്ധിക്കുന്നു.<br>6. അമ്മമാരുടെ ICU ആയ MITU വിൽ വെന്റിലേറ്ററുകൾ ജീവൻ രക്ഷാമരുന്നു കൾ എല്ലാം സജ്ജമാണ്.<br>7. ആശുപത്രികൾക്കുള്ളിൽ ജനിക്കുന്ന കുഞ്ഞു ങ്ങൾക്കും പുറത്തു നിന്നു വരുന്ന കുഞ്ഞു ങ്ങൾക്കുമായി രണ്ട് വെവ്വേറെ ICU കൾ ഉണ്ട്. അവിടെ ലെവൽ 3 കെയർ നൽകുന്നു. നിരന്തര നിരീക്ഷണവും വെന്റിലേറ്റർ സൌകര്യവും ജീവൻരക്ഷാ മരുന്നുകളും എപ്പോഴും സജ്ജമാണ്.<br>8. നവജാതശിശുക്കളിലെ അണുബാധ നിയന്ത്രി ക്കുന്നതിനായി ഇൻഫക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ, ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നതിന് കർശനമായ പ്രോട്ടോ ക്കോൾ എന്നിവ പിൻതുടരുന്നു. |

| | | | |
|---|---|---|---|
| | | | 9. ഡോക്ടർമാർക്കും . നഴ്സമാർക്കും മറ്റു ജീവനക്കാർക്കും നവജാതശിശു പരിചരണ ത്തെപ്പറ്റി ബോധവൽക്കരണക്ലാസുകൾ NRP വർക്ക്ഷോപ്പ്,FBNC training മുതലായവ നിരന്തരമായി നടത്തി പോരുന്നു.<br>10. മാസം തികയാത്തതും തൂക്കകുറവുള്ളതുമായ നവജാതശിശുക്കളുടെ ചികിത്സക്കും പരിചരണത്തിനുമായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുപോരുന്നു.<br>11. എല്ലാ നവജാതശിശുക്കൾക്കും ജൻമനായുള്ള ഹൃദയവൈകല്യങ്ങൾ കണ്ടുപിടിക്കാനായി പൾസ് ഓക്സിമെട്രി സ്ക്രീനിംഗും ജനിതകരോഗനിർണ്ണയത്തിനായി ന്യൂ ബോൺ സ്ക്രീനിംഗ് വഴി രക്തപരിശോധനയും നടത്തുന്നു.<br>12. എല്ലാ നവജാതശിശുക്കൾക്കും NIS അനുസരിച്ചുള്ള വാക്സിനുകൾ നൽകുന്ന തിനു പുറമേ pneumococal vaccine, rota virus vaccine മുതലായവ എടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി രക്ഷിതാക്കൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു.<br>13. കുട്ടികളുടെ ICU വിൽ അത്യാധുനിക ഉപകരണങ്ങൾ, (വെന്റിലേറ്റർ,എക്കോമെഷീൻ) തുടങ്ങിയവ സജ്ജമാണ്. ചികിത്സക്കായി കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നു.<br>14. ബേസിക്ക് ലൈഫ് സപ്പോർട്ട്, അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് തുടങ്ങിയ പരിശീലനങ്ങൾ എല്ലാ സ്റ്റാഫുകൾക്കും കൃത്യമായ കാലയളവുകളിൽ നല്കി പോരുന്നു.<br>15. കേസ് ഓഡിറ്റുകൾ നടത്തി പോരായ്മകൾ കണ്ടുപിടിച്ച് അതു പരിഹരിക്കാറുണ്ട്.<br>16. 24 മണിക്കൂറും വിലകൂടിയ മരുന്നു കളും പരിശോധനകളും സൗജന്യമായി നല്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അണു നശീകരണത്തിനായി ഫ്യൂമിഗേഷൻ എന്ന പ്രക്രിയ നിശ്ചിത കാലയളവുകളിൽ ചെയ്യാറുണ്ട്.<br>17. ആന്റിബയോട്ടിക് പ്രോട്ടോക്കോൾ നിശ്ചിത കാലയളവിൽ അപ്ഡേറ്റ് ചെയ്യുന്നതും അതു കൃത്യമായി പാലിക്കുകയും ചെയ്യുന്നതുവഴി ആന്റിബയോട്ടിക് റെസിസ്റ്റൻസ് എന്ന പ്രതിഭാസത്തെ തടയാൻ ശ്രമിക്കുന്നു,<br>18. പകർച്ചവ്യാധികൾ തടയാനുള്ള ഒരു കമ്മിറ്റി ആശുപത്രികളിൽ രൂപീകരിച്ചിട്ടുണ്ട്. ഇവർ എല്ലാ സ്റ്റാഫിനും പരിശീ ലനം നല്കുന്നു.<br>19. മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി വാങ്ങുന്നതിന് നടപടി സ്വീകരിച്ചു.<br>20. മാതൃമരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനും മതൃമരണ നിരക്ക് കുറയ്ക്കുന്നതിനുമായി മാതൃമരണ ഓഡിറ്റ് (Maternal Death Audit) കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br>21. ജെ.എസ്.വൈ, ജെ.എസ്.എസ്.കെ എന്നീ പദ്ധതികൾ പ്രസവം നടക്കുന്ന ആശുപത്രികളിൽ നടപ്പിലാക്കി. ആശുപത്രി ജീവനക്കാർക്ക് പരിശീലനം നൽകി. ആശുപത്രികളിലെ അണുബാധ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| ബി) | ഇതിന്റെ ഭാഗമായി ആശുപത്രികളിൽ ക്വാളിറ്റി സ്റ്റാന്റേർഡ് നടപ്പിലാക്കുവാൻ | ബി) | ഉണ്ട്. മാതൃമരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ദേശീയ ആരോഗ്യ ദൗത്യം, കെ.എഫ്.ഒ.ജി (കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി) എന്നിവർ |

| | | | |
|---|---|---|---|
| | തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | | സംയുക്തമായി തയ്യാറാക്കിയ ക്വാളിറ്റി സ്റ്റാന്റേർഡ്, പ്രസവം നടക്കുന്ന 40 ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. ശിശുമരണ നിരക്ക് കുറയ്ക്കുന്ന പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും ഐ.എ.പി (ഇൻഡ്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്)ന്റെ സഹായത്താൽ ഒരു ക്വാളിറ്റി സ്റ്റാന്റേർഡ് തയ്യാറാക്കി. ഇത് സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ലേബർ റൂമിലെ ക്വാളിറ്റി കൺട്രോളിന് വേണ്ടിയുള്ള ലക്ഷ്യ പദ്ധതി, പീഡിയാട്രിക് ഒ.പി.യുടെയും കാഷ്വാലിറ്റി യുടെയും ക്വാളിറ്റി എത്തുന്നതിനായുള്ള ഒ.പി. ക്യാഷ്വാലിറ്റി ട്രാൻസ്ഫോർമേഷൻ മുതലായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇതിനായി തെരഞ്ഞെടുത്തിട്ടുള്ള ആശുപത്രികളിലെ ഡോക്ടർമാരും നഴ്സുമാരും ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും ഇത് സംബന്ധിച്ച് പരിശീലനം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | സി) | ബേസിക് ലൈഫ് സപ്പോർട്ട്, അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് തുടങ്ങിയ പരിശീലനങ്ങൾ എല്ലാ സ്റ്റാഫുകൾക്കും കൃത്യമായ കാലയളവുകളിൽ നൽകി വരുന്നുണ്ട്. ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റ് ജീവനക്കാർക്കും നവജാതശിശു പരിചരണത്തെപ്പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ NRP വർക്ക്ഷോപ്പ്, FBNC training മുതലായവ നിരന്തരമായി നടത്തിപോരുന്നു. തിരുവനന്തപുരത്തെ KSIHFW (Kerala State Institute of Health and Family Welfare)-ൽ പ്രവർത്തിക്കുന്ന സ്കിൽ ലാബിൽ നേഴ്സുമാർക്ക് പരിശീലനം നൽകിവരുന്നു. ഇതുകൂടാതെ ദക്ഷിത പ്രോഗ്രാമിന്റെ ഭാഗമായി നേഴ്സുമാർക്ക് മേഖലാ അടിസ്ഥാനത്തിൽ പരിശീലനം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ